**പതിനാലാം കേരള നിയമസഭ**

**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1044 — 14.01.2021 ൽ മറുപടിയ്ക്ക്

## വ്യാവസായിക പരിശീലന വകുപ്പിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ: | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| **(എ)** വ്യാവസായിക പരിശീലന വകുപ്പിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>**(ബി)** പ്രസ്തുത സ്പെഷ്യൽ റൂൾ ഭേദഗതിയുടെ തൽസ്ഥിതി വ്യക്തമാക്കുമോ? | **(എ)യും (ബി)യും** വ്യാവസായിക പരിശീലന വകുപ്പ് തയ്യാറാക്കിയ കേരളാ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോഡിനേറ്റ് സർവീസ് റൂൾസ് പരിഷ്കരണത്തിനുള്ള കരടിന്മേൽ ബന്ധപ്പെട്ട സർവീസ് സംഘടനകളുമായി ചർച്ച നടത്തുകയും ടി ചർച്ചയിൽ ഉയർന്നുവന്ന നിർദേശങ്ങൾ, വിശദമായ പരിശോധന നടത്തിയശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തി, ട്രെയിനിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി കരട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ചേർന്ന് വിശദമായി പരിശോധിച്ച ശേഷം ഭേദഗതികൾ നിർദ്ദേശിച്ച് വ്യാവസായിക പരിശീലന വകുപ്പിലേക്ക് തിരികെ നല്കിയിരുന്നു. ആയതിൻ പ്രകാരം ഭേദഗതികൾ വരുത്തി 17.06.2020-ൽ സർക്കാരിലേയ്ക്ക് സമർപ്പിക്കപ്പെട്ട കരട് സ്പെഷ്യൽ റൂളിലെ Annexure A1-ൽ ഉൾപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ